## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1590** **15.02.2016- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കൃഷി വകുപ്പ് ഡയറക്ടറുടെ നിയമനം

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) പുതിയ കൃഷിവകുപ്പ് ഡയറക്ടറെ നിയമിച്ചത് മന്ത്രിസഭായോഗ തീരുമാനപ്രകാരമാണോ; എങ്കിൽ ഏത് മന്ത്രിസഭാ യോഗമാണ് തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) പുതിയ കൃഷിവകുപ്പ് ഡയറക്ടറെ നിയമിച്ചിട്ടില്ല. കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടറായ ശ്രീ.അശോക് കുമാർ തെക്കന് കൃഷി വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) സ്പെഷ്യൽ റൂൾ പ്രകാരം കൃഷിവകുപ്പ് ഡയറക്ടറുടെ നിയമനം എപ്രകാരമാണ്; നിലവിലുണ്ടായിരുന്ന ഡയറക്ടറെ ആ സ്ഥാനത്ത് നിന്നും മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ | (ബി) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലില്ല. ഭരണപരമായ സൗകര്യത്തിനുവേണ്ടിയാണ് നിലവിലുണ്ടായിരുന്ന കൃഷി ഡയറക്ടറെ കൃഷി വകുപ്പിലെ പി.പി.എം. സെല്ലിന്റെ ഡയറക്ടറായി നിയോഗിച്ചത്. |
| (സി) പുതിയ ഡയറക്ടറുടെ പേരിൽ വകുപ്പുതലം, വിജിലൻസ്, ധനകാര്യ പരിശോധന വിഭാഗം, എന്നിവരുടെ അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആക്ഷേപങ്ങളുടെ പേരിലുള്ള അന്വേഷണമാണ് നടക്കുന്നത്;<br>(ഡി) ഏതെങ്കിലും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | നിലവിൽ കൃഷി ഡയറക്ടറുടെ ചുമതല നിർവ്വഹിക്കുന്ന ശ്രീ.അശോക് കുമാർ തെക്കന്റെ പേരിലുള്ള അന്വേഷണങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**വകുപ്പുതലം**

i)ധനകാര്യ പരിശോധന (എൻ.റ്റി.കെ) വിഭാഗം കേരഫെഡിൽ 2011 ഡിസംബർ, 2012 ജനുവരി മാസങ്ങളിൽ കേരഫെഡിലെ ശമ്പള പരിഷ്കരണം, ബാങ്കുകളിലെ നിക്ഷേപം, കരുനാഗപ്പള്ളിയിലെ പ്ലാന്റ് തുടങ്ങിയവ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ii) കേരഫെഡിലെ അഴിമതി ആരോപണം/ക്രമക്കേടുകൾ സംബന്ധിച്ച് നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി ശ്രീ.കെ.കെ.ജയപ്രകാശ്, നടുവണ്ണൂർ റീജിയണൽ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ.കെ.പി.രാധാകൃഷ്ണൻ എന്നിവർ നൽകിയ പരാതിയിന്മേൽ സഹകരണ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടി.

iii) കേരഫെഡിലെ അഴിമതി സംബന്ധിച്ച് ശ്രീ.സത്യനേശൻ നൽകിയ പരാതിയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വിജിലൻസ് (ബി) വകുപ്പിന്റെ ശിപാർശയെ തുടർന്ന് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ശിപാർശ പ്രകാരം, സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതു സംബന്ധിച്ച നടപടി.

iv) കേരഫെഡിൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സർപ്രൈസ് ചെക്കിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് വകുപ്പിൽ നിന്നും ലഭിച്ച ശിപാർശ സംബന്ധിച്ച നടപടി.

v) കൃഷി വകുപ്പിലെ പുതിയ ഡയറക്ടറായ ശ്രീ.അശോക് കുമാർ തെക്കൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന കാലയളവിൽ പാലക്കാട് ജില്ലയിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേന നടപ്പിലാക്കിയ ആർ.എസ്.വി.വൈ പദ്ധതി സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള നടപടി.

vi) കൂടാതെ കേരഫെഡിൽ ജോലി ചെയ്യുന്ന ശ്രീ.എം.ബാബുരാജിന് ക്രമവിരുദ്ധമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയിൽ സ്ഥിരനിയമനവും അനർഹമായ ആനുകൂല്യങ്ങളും നൽകിയെന്ന പരാതിയിന്മേൽ ധനകാര്യ (എൻ.റ്റി.സി) വകുപ്പ് കാക്കനാട് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള ആസ്ഥാന കാര്യാലയത്തിൽ നടത്തിയ ആകസ്മിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടി.

vii) കൃഷി ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ സർക്കാർ നിർദ്ദേശ പ്രകാരം നടത്തുന്ന വകുപ്പുതല അന്വേഷണങ്ങൾ

എ) കേരഫെഡിന്റെ 2013-14 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് നടത്തുന്ന വകുപ്പുതല അന്വേഷണം

ബി) ശ്രീ.അശോക് കുമാർ തെക്കനെതിരെ, ശ്രീ.സന്തോഷ് കുമാർ,മാനേജിംഗ് പാർട്ണർ, പൂമന്ദിരം എൻജിനീയറിംഗ് വർക്ക്സ്, തീരുമല വാർഡ്,ആലപ്പുഴ എന്നയാൾ ഉന്നയിച്ച ആരോപണങ്ങളിൻമേൽ നടത്തുന്ന വകുപ്പുതല അന്വേഷണം

സി)കേരഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരഫെഡ് സ്റ്റാഫ് യൂണിയൻ ഉന്നയിച്ച വിവിധ ആരോപണങ്ങളെ സംബന്ധിച്ച് നടത്തുന്ന വകുപ്പുതല അന്വേഷണം

ഡി) ശ്രീ.അശോക് കുമാർ തെക്കനെതിരെയുള്ള വിവിധ ആരോപണങ്ങളെ സംബന്ധിച്ച് വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ നടത്തുന്ന വകുപ്പുതല അന്വേഷണം

മേൽ സൂചിപ്പിച്ചിരിക്കുന്ന വകുപ്പുതല അന്വേഷണങ്ങൾ പുരോഗമിച്ച് വരികയാണ്.

## ധനകാര്യ പരിശോധനാ വിഭാഗം

ശ്രീ.അശോക് കുമാർ തെക്കൻ കേരഫെഡ് എം.ഡി ആയിരുന്ന കാലയളവിൽ നടത്തിയ ചില ക്രമക്കേടുകൾ സംബന്ധിച്ച പരാതി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക ലഭിക്കുകയുണ്ടായി. ആയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം പുരോഗതിയിലാണ്. ടിയാൾക്കെതിരെയുള്ള പ്രധാന ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരഫെഡിന്റെ പ്ളാന്റുകളിലേയ്ക്ക് കൊപ്ര ഡ്രയർ, എക്സ്പെല്ലർ തുടങ്ങിയവയുടെ വാങ്ങൽ, സ്ഥാപിക്കൽ എന്നിവയിലെ ക്രമക്കേടുകൾ.

2. ചേമ്പർ നിർമ്മാണം മറ്റ് സിവിൽ വർക്കുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടുകൾ

3. കൊപ്ര/പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് അനാവശ്യമായി താൽക്കാലിക ജീവനക്കാരെ നിയമിച്ച ധന ദുർവിനിയോഗം.

4.മാർക്കറ്റിംഗ് കോ-ഓർഡിനേറ്റർ, റെപ്രസന്റേറ്റീവ് നിയമനത്തിലെ അപാകതകൾ

5. കേരഫെഡിന്റെ വിവിധ ഉത്പന്നങ്ങൾ, വിവിധ ദർഘാസുകൾ എന്നിവയുടെ പരസ്യം നൽകിയതുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടുകൾ

6. വാർഷിക പൊതുയോഗത്തിലേയ്ക്കായി ഇൻഡക്ഷൻ കുക്കർ വാങ്ങൽ, അവയുടെ വിതരണം എന്നിവയിലെ ക്രമക്കേടുകൾ.

## വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ

| നമ്പർ | അന്വേഷണ നം. | ആരോപണം |
|---|---|---|
| 1 | 2 | 3 |
| 1 | വി.ഇ.10/2007/പി.കെ.ഡി (സി.വി.36/2004/പി.കെ.ഡി യിലെ കണ്ടെത്തലുകളുടേയും ശിപാർശകളുടേയും അടിസ്ഥാനത്തിൽ തുടങ്ങിയത്) | കുറ്റിമുല്ല കൃഷി വിളവെടുപ്പിലെ ക്രമക്കേടുകൾ |
| 2 | വി.ഇ 41/2004/പി.കെ.ഡി | 2003-2004 ൽ നെൽവിത്തുകൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ |
| 3 | എസ്.സി.30/2013 / കെ.എൻ.ആർ | പാലക്കാട് നീതി ഡിസ്ട്രിബ്യൂഷൻ സെന്ററിലെ നിയമന നടത്തിപ്പിലെ ക്രമക്കേട് |
| 4 | വി.ഇ 04/2007/എസ്.ഐ.യു | ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തതിലെ ക്രമക്കേടുകൾ, വിദേശയാത്ര, അനധികൃത നിയമനം, ഫണ്ട് ദുരുപയോഗം എന്നിവ. |

സെക്ഷൻ ഓഫീസർ